## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3268** **04-08-2021 - ൽ മറുപടിയ്ക്ക്**

## കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂൺ മാസം 10-ാം തീയതിക്ക് മുമ്പ് രണ്ടാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ എടുത്തവർക്ക് കേന്ദ്ര സർക്കാർ കോവിൻ സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. COWIN പോർട്ടലിലെ നിലവിലെ ക്രമീകരണമനുസരിച്ച്, ടി പോർട്ടലിൽ അടുത്ത ദിവസം വൈകുന്നേരം 5 മണി വരെ ഒരു ദിവസത്തെ വാക്സിനേഷൻ അടയാളപ്പെടുത്താവുന്നതാണ്. അതിനു ശേഷം സെഷൻ മരവിപ്പിക്കുന്നതിനാൽ കൂടുതൽ ഡാറ്റാ എൻട്രി സാധ്യമല്ല. കേന്ദ്ര സർക്കാർ കോവിഷീൽഡിന്റെ 2 ഡോസുകൾക്കിടയിലെ ഏറ്റവും കുറഞ്ഞ ഇടവേള മെയ് 13 മുതൽ 84 ദിവസമായി മാറ്റിയതിനാൽ, 12 ആഴ്ചത്തെ വിടവ് പലരുടെയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും വിദേശത്തേയ്ക്ക് പോകുന്ന പലരുടെയും ജോലി അപകടത്തിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേ സമയം തന്നെ 28 ദിവസത്തിനു ശേഷം കോവിഷീൽഡിന്റെ രണ്ടാം ഡോസ് നൽകാനും സംസ്ഥാനം ആരംഭിച്ചു. കോവിഷീൽഡിന്റെ ആദ്യകാല അഡ്മിനിസ്ട്രേഷൻ അടയാളപ്പെടുത്തുവാൻ കോവിനിൽ സാധ്യമല്ലാത്തതിനാൽ അത്തരം ഗുണഭോക്താക്കൾക്ക് സംസ്ഥാനം ഇഹെൽത്ത് പോർട്ടൽ (https://covid19.kerala.gov.in/vaccine/) വഴി വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ (പ്രൊവിഷണൽ + ഫൈനൽ) നൽകി. 2021 ജൂൺ 13 മുതലാണ് കോവിൻ മുഖേന വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം കോവിനിൽ പ്രവർത്തനക്ഷമമാക്കിയത്. ആയതിനാൽ മെയ് 21 നും ജൂൺ 12 നുമിടയിൽ രണ്ടാം ഡോസ് വാക്സിൻ ലഭിച്ച ഗുണോക്താക്കൾക്ക് കോവിൻ മുഖേനയുള്ള വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. പിന്നീട് കേന്ദ്ര സർക്കാർ രണ്ടാം ഡോസ് വാക്സിൻ നേരത്തെ നൽകാനുള്ള അനുമതി |

| | | | |
|---|---|---|---|
| | | | നൽകിയതിനെത്തുടർന്ന് പ്രസ്തുത വാക്സിൻ സ്വീകരിച്ചവരുടെ ബാക്ക് ലോഗ് ഡാറ്റാ എൻട്രി സാധ്യമാക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയും അനുകൂലമായി മറുപടി ലഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിനിൽ മേൽപ്പറഞ്ഞ ബാക്ക് ലോഗ് ഡാറ്റാ എൻട്രി സൗകര്യം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ച് നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇറക്കിയ സർക്കുലറിലെ അവ്യക്തത കാരണമാണ് ജൂൺ മാസം 10-ാം തീയതിക്ക് മുമ്പ് രണ്ടാം ഡോസ് കോവിഡ് പ്രതിരോധ വാക്സിൻ എടുത്തവർക്ക് കേന്ദ്ര സർക്കാർ കോവിൻ സൈറ്റിൽ നിന്നും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കാത്തത് എന്ന ആക്ഷേപം പരിശോധിക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. COWIN പോർട്ടലിലെ നിലവിലെ ക്രമീകരണമനുസരിച്ച്, ടി പോർട്ടലിൽ അടുത്ത ദിവസം വൈകുന്നേരം 5 മണി വരെ ഒരു ദിവസത്തെ വാക്സിനേഷൻ അടയാളപ്പെടുത്താവുന്നതാണ്. അതിനു ശേഷം സെഷൻ മരവിപ്പിക്കുന്നതിനാൽ കൂടുതൽ ഡാറ്റാ എൻട്രി സാധ്യമല്ല. കേന്ദ്ര സർക്കാർ കോവിഷീൽഡിന്റെ 2 ഡോസുകൾക്കിടയിലെ ഏറ്റവും കുറഞ്ഞ ഇടവേള മെയ് 13 മുതൽ 84 ദിവസമായി മാറ്റിയതിനാൽ, 12 ആഴ്ചത്തെ വിടവ് പലരുടെയും യാത്രാ പദ്ധതികളെ തടസ്സപ്പെടുത്തുകയും വിദേശത്തേയ്ക്ക് പോകുന്ന പലരുടെയും ജോലി അപകടത്തിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇതിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിരുന്നു. അതേ സമയം തന്നെ 28 ദിവസത്തിനു ശേഷം കോവിഷീൽഡിന്റെ രണ്ടാം ഡോസ് നൽകാനും സംസ്ഥാനം ആരംഭിച്ചു. കോവിഷീൽഡിന്റെ ആദ്യകാല അഡ്മിനിസ്ട്രേഷൻ അടയാളപ്പെടുത്തുവാൻ കോവിനിൽ സാധ്യമല്ലാത്തതിനാൽ അത്തരം ഗുണഭോക്താക്കൾക്ക് സംസ്ഥാനം ഇഹെൽത്ത് പോർട്ടൽ (https://covid19.kerala.gov.in/vaccine/) വഴി വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ (പ്രൊവിഷണൽ + ഫൈനൽ) നൽകി. 2021 ജൂൺ 13 മുതലാണ് കോവിൻ മുഖേന വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം കോവിനിൽ പ്രവർത്തനക്ഷമമാക്കിയത്. ആയതിനാൽ മെയ് 21 നും ജൂൺ 12 നുമിടയിൽ രണ്ടാം ഡോസ് വാക്സിൻ ലഭിച്ച ഗുണോക്താക്കൾക്ക് കോവിൻ മുഖേനയുള്ള വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല. പിന്നീട് കേന്ദ്ര സർക്കാർ രണ്ടാം ഡോസ് വാക്സിൻ നേരത്തെ നൽകാനുള്ള അനുമതി നൽകിയതിനെത്തുടർന്ന് പ്രസ്തുത വാക്സിൻ സ്വീകരിച്ചവരുടെ ബാക്ക് ലോഗ് ഡാറ്റാ എൻട്രി സാധ്യമാക്കാൻ കേന്ദ്രത്തോട് അഭ്യർത്ഥിക്കുകയും അനുകൂലമായി മറുപടി ലഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിനിൽ മേൽപ്പറഞ്ഞ |

| | | | |
|---|---|---|---|
| | | | ബാക്ക് ലോഗ് ഡാറ്റാ എൻട്രി സൗകര്യം ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ